**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **11-09-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് മികവ് ലക്ഷ്യം വച്ച് സമഗ്രമായ ഇടപെടലിനായി ആസൂത്രണം ചെയ്ത പദ്ധതിയാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി വളർത്തുക എന്നതിനായിരുന്നു ഊന്നൽ നൽകിയത്. ഇതിന്റെ ഭാഗമായി ഭൗതിക സൗകര്യവികസനം, ശാസ്ത്ര സാങ്കേതികവിദ്യാ സംവിധാനങ്ങളടക്കം പ്രയോജനപ്പെടുത്തിയുള്ള ആധുനികവത്ക്കരണം, അക്കാദമിക മികവിനായുള്ള പദ്ധതികൾ, പൊതുവിദ്യാഭ്യാസ രംഗത്ത് വർദ്ധിതമായ തോതിൽ സമൂഹ പങ്കാളിത്തം എന്നിവയെല്ലാം ആസൂത്രണം ചെയ്ത് നടപ്പാക്കുകയായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ചെയ്തത്. അതിന്റെ തുടർച്ചയും വളർച്ചയുമാണ് നവകേരളം കർമ്മപദ്ധതി 2 ന്റെ ഭാഗമായ വിദ്യാകിരണം മിഷനിലൂടെ നിർവ്വഹിക്കുന്നത്. |
| (ബി) | പ്രായോഗിക ജീവിത വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പഠനം ഒന്നാം ക്ലാസ്സ് മുതൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | **ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസം**<br><br>ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 1 മുതൽ 12 ക്ലാസ് വരെയുള്ള പാഠ്യപദ്ധതി എസ്.സി.ഇ.ആർ.ടി തയ്യാറാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കുള്ള കൈപ്പുസ്തകവും കുട്ടികൾക്കുള്ള വർക്ക് ബുക്കുകളും മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിലെ സ്കൂളുകളിൽ ഇവ പരീക്ഷണാർത്ഥം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലപ്രാപ്തി |

| | | | |
|---|---|---|---|
| | | | എത്രത്തോളം എന്നത് പഠന വിധേയമാക്കിയിട്ടുണ്ട്. 2022- 23 വർഷം മുതൽ പട്ടിക വികസന വകുപ്പിന്റെ പരിധിയിൽ വരുന്ന 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലപ്രാപ്തിയും പരിശോധിക്കുന്നുണ്ട്.<br><br>2023ൽ നടക്കുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ വിവിധ വിഷയങ്ങളിൽ ജീവിത നൈപുണ്യ വികാസവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ഇന്റഗ്രേറ്റ് ചെയ്ത് ഉൾപ്പെടുത്തുന്നതാണ്. |
| (സി) | കൗമാരക്കാർക്ക് അവരുടെ ജീവിത പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി സ്കൂളുകളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ആസ്വദിച്ച് അറിവ് നേടാനും, ആവശ്യമായ ജീവിത നൈപുണികൾ പരിശീലിക്കാനും, കാര്യക്ഷമമായി ജീവിക്കാനും കൗമാരക്കാരായ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ' അഡോളസെന്റ് അവയർനെസ് പ്രോഗ്രാം - കരുത്തും കരുതലും' പൊതുവിദ്യാലയങ്ങളിലെ ഹൈസ്കൂൾ ക്ലാസ്സുകളിലെ കൗമാരക്കാരായ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് 'ടീൻസ് ക്ലബ്' രൂപീകരിച്ച് കൗമാരം 'കരുത്തും കരുതലും' മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്.<br><br>കൗമാരക്കാരായ കുട്ടികൾക്ക് അവർ അഭിമുഖീകരിക്കുന്ന ജീവിത പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് വേണ്ട പിന്തുണ നൽകാൻ അധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഈ മേഖലയിലുള്ള, പഠനങ്ങളുടെയും ആധുനിക കാഴ്ചപ്പാടുകളേയും ഉൾക്കൊണ്ടുകൊണ്ട് കൗമാരക്കാരുടെ ഗൈഡൻസും കൗൺസലിംഗും എങ്ങനെയായിരിക്കണമെന്ന സമീപന രേഖ എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചിട്ടുണ്ട്. വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക ബോധവത്കരണ ക്ലാസ്സുകൾ ചില ഘട്ടങ്ങളിൽ വേണ്ടി വരുമെങ്കിലും മുഴുവൻ അധ്യാപകരേയും കൗമാരക്കാരുടെ ഗൈഡൻസിന് അനുയോജ്യമായ മനോവൃത്തി ഉള്ളവരാക്കി തീർക്കുക എന്നതും പ്രധാനമാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കുള്ള പരിശീലനത്തിൽ കൗമാര വിദ്യാഭ്യാസം ഒരു പ്രധാന മേഖലയായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പലവിധ വികാരങ്ങളുടെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന കാലമാണ് കൗമാരം. അതിനെ നിയന്ത്രിക്കാനുള്ള ശേഷി മുതിരുന്നതനുസരിച്ചേ |

| | | | |
|---|---|---|---|
| | | | കൈവരിക്കാനാകൂ. വികാരങ്ങൾക്ക് അടിപ്പെട്ടുപോകാതെ സന്ദർഭാനുസരണം പെരുമാറാനുള്ള പരിശീലനം കൗമാരഘട്ടത്തിലുള്ള കുട്ടികൾക്കു ലഭിക്കേണ്ടതുണ്ട്. വൈകാരിക സുസ്ഥിതി കൈവരിക്കുന്നതിനുള്ള ആദ്യപടി വികാരങ്ങളെ അറിയുക എന്നതാണ്. വൈകാരിക സുസ്ഥിതി കൈവരിക്കുന്നതിന് ഒരാൾ സ്വയം അറിയേണ്ടതുണ്ട്. ഇതിനു കുട്ടികൾക്കു പരസ്പരം സഹായിക്കാൻ കഴിയും. പരസ്പരം മനസ്സിലാക്കുകയും വ്യക്തിത്വത്തെ ശക്തിപ്പെടുത്താൻ കുട്ടികളെ സഹായിക്കുകയും ചെയ്യുക എന്നതാണ് പരിശീലനത്തിന്റെ മുഖ്യ ലക്ഷ്യം.<br><br>കൗമാരക്കാരുടെ ആവശ്യങ്ങളും 'ആശങ്കകളും മനസ്സിലാക്കി, ആരോഗ്യകരമായ ഇടപെടലുകൾ നടത്തി അവരുടെ സമഗ്രമായ വളർച്ചയിൽ അധ്യാപകരെയും രക്ഷകർത്താക്കളെയും പങ്കാളികളാക്കുന്ന തരത്തിലുള്ള പരിപാടികളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുസ്ഥിരവികസനത്തിലും മാനവികതയിലും ഊന്നിയ ഗുണാത്മക വികസനാത്മക (Positive developmental approach) സമീപനമായിരിക്കണം കൗമാരവിദ്യാഭ്യാസത്തിൽ സ്വീകരിക്കേണ്ടത്. പങ്കാളിത്ത രീതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് അധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. അതിന്റെ ഭാഗമായി കൗമാര വിദ്യാർത്ഥിയെ പ്രചോദിപ്പിക്കുന്ന, ചിന്തിപ്പിക്കുന്ന സംഘ ചർച്ചകൾ, ഡിബേറ്റുകൾ, ആത്മപ്രകാശനത്തിന് ഉതകുന്ന റോൾ, സന്ദർഭ-സംഭവ, പങ്കാളിത്തവും ചിത്രീകരണവും ഉൾക്കൊള്ളുന്ന നാടകാവതരണങ്ങൾ, നേരനുഭവപരിപാടികൾ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കലുകൾ, നേതൃത്വ പരിശീലന പരിപാടികൾ, യഥാർത്ഥ ജീവിതാനുഭവങ്ങളിലുള്ള ഇടപെടലുകൾ ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം വിദ്യാലയങ്ങളിൽ സംഘടിപ്പിക്കും.<br><br>അതോടൊപ്പം തന്നെ ശരിയായ പഠനങ്ങളുടെയോ സമീപനങ്ങളുടെയോ അടിസ്ഥാനത്തിലല്ലാതെ അശാസ്ത്രീയമായി സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനെ നിയന്ത്രിക്കുകയും ചെയ്യേണ്ടതുണ്ട്. സ്കൂളുകളിൽ നടക്കുന്ന ഗൈഡൻസ് കൗൺസിലിംഗ് പരിപാടികളെ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ